LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽനിന്നും സർക്കാരിലേക്ക് പിരിഞ്ഞുകിട്ടേണ്ട ഭൂനികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നുതന്നെ ഒടുക്കാൻ കഴിയും. വില്ലേജിലെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്തതിനുശേഷമേ ഈ സംവിധാനം നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്നത് മാത്രമാണ് ഇക്കാര്യത്തിൽ പ്രായോഗികതലത്തിലുണ്ടാകുന്ന തടസ്സം.

**റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്**

171 (2206) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ആധുനികവത്ക്കരിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആധുനികവത്കരിക്കുന്നതിനുംവേണ്ടി നവീന വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവിധ ഇ-ഗവേണൻസ് പദ്ധതികളായ ഇ-ഡിസ്ട്രിക്ട് പദ്ധതി, ഓൺലൈൻ പോക്കുവരവ് (ReLIS) സംവിധാനം, ഇ-പേമെന്റ് സിസ്റ്റം, ഇ-ഓഫീസ്, ആർ.ആർ. ഓൺലൈൻ, വെർച്വൽ ഐ.ടി. കേഡർ, ഓൺലൈൻ ലാന്റ് ടാക്സ് സംവിധാനം, നാഷണൽ ലാന്റ് റിക്കോർഡ് മോഡണൈസേഷൻ പദ്ധതി, വില്ലേജ് ഓഫീസുകളുടെ പരിഷ്കരണം (SMART വില്ലേജ് പദ്ധതി), വില്ലേജ് ഓഫീസ്-താലൂക്ക്-രൂപീകരണം, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, പുഴ മുതൽ പുഴ വരെ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) (1) ഇ-ഡിസ്ട്രിക്ട് പദ്ധതി:- പൊതുജനങ്ങൾക്ക് വിരൽതുമ്പിൽ സേവനം എത്തിക്കുകയെന്ന ആശയം ലക്ഷ്യമാക്കി റവന്യൂ വകുപ്പ് നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയ 24-ഓളം ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്.

(2) ഓൺലൈൻ പോക്ക് വരവ് സംവിധാനം:- കേരളത്തിലെ റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളിലെ സംവിധാനങ്ങളെ സംയോജിപ്പിച്ചു കൊണ്ട് പോക്കുവരവ് നടപടികൾ സുതാര്യമാക്കുന്നതിന് ലക്ഷ്യമിട്ട് സർക്കാർ തുടങ്ങിയ ഓൺലൈൻ പോക്കുവരവ് പദ്ധതി തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിലും പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിലും നടപ്പിൽ വന്നുകഴിഞ്ഞു. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(3) ഇ-പേയ്മെന്റ് സിസ്റ്റം:- ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂ നികുതി ഓൺ ലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽ നിന്നും സർക്കാരിലേക്ക് പിരിഞ്ഞുകിട്ടേണ്ട ഭൂനികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നുതന്നെ ഒടുക്കാൻ കഴിയുന്നതാണ്. തുടക്കത്തിൽ ഭൂനികുതി മാത്രമാണ് ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുക എങ്കിലും സമീപഭാവിയിൽ തന്നെ വില്ലേജ് ഓഫീസിലേയ്ക്ക് പിരിഞ്ഞുകിട്ടേണ്ട മറ്റ് നികുതികളും ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുന്നതാണ്.

(4) ഇ-ഓഫീസ്:- റവന്യൂ വകുപ്പിന് കീഴിലുള്ള പ്രധാന ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾ പൂർണ്ണമായും ഇലക്ട്രോണിക് രീതിയിലേയ്ക്ക് മാറ്റിയെടുക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായ ഇ-ഓഫീസ് സംവിധാനം ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും 14 ജില്ലാ കളക്ടറേറ്റുകളിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതോടുകൂടി

ടി ഓഫീസുകളിലെ ഫയൽ പ്രോസസിംഗ് പൂർണ്ണമായും ഇലക്ട്രോണിക് രീതിയിലേയ്ക്ക് മാറ്റുന്നതാണ്. ഇത് കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തും.

(5) ആർ. ആർ. ഓൺലൈൻ:- റവന്യൂ റിക്കവറി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലംവരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. പദ്ധതി നടപ്പിലാക്കുന്നതോടുകൂടി അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ലാ-താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും. അതോടൊപ്പം വില്ലേജ് ഓഫീസർക്ക് കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ നേരിട്ട് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നതാണ്.

(6) വെർച്വൽ ഐ.ടി. കേഡർ:- റവന്യൂ വകുപ്പിൽ ആസൂത്രണം ചെയ്യുന്ന ഇ-ഗവേണൻസ് പദ്ധതികൾ ജില്ലാതലത്തിൽ വിജയകരമായി നടപ്പിലാക്കുന്നതിനായി ജീവനക്കാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയോഗിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഓരോ ജില്ലയിലും രണ്ട് ഉദ്യോഗസ്ഥരെ വീതം വെർച്വൽ ഐ.ടി. കേഡറിൽ ഉൾപ്പെടുത്തി ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

(7) നാഷണൽ ലാന്റ് റിക്കോർഡ് മോഡണൈസേഷൻ പദ്ധതി:- ഭൂമി സംബന്ധമായ രേഖകളുടെ ആധുനികവൽക്കരണം ലക്ഷ്യമിട്ട് ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ NLRMP (DILRMP) സംസ്ഥാനത്ത് സ്റ്റേറ്റ് ലാന്റ് ബോർഡ് മുഖേന ഫണ്ട് വിതരണം ചെയ്ത് നടപ്പിലാക്കിവരുന്നു. റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളുടെ സംയോജിച്ച പ്രവർത്തനത്തിലൂടെ ഭൂരേഖകളുടെ സമഗ്രവും സുതാര്യവുമായ സംവിധാനം വികസിപ്പിക്കുക എന്നതാണ് നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ എന്ന പദ്ധതിയുടെ പ്രധാന ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(8) വില്ലേജ് ഓഫീസുകളുടെ പരിഷ്കരണം:- വില്ലേജ് ഓഫീസുകളുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കിക്കൊണ്ട് വിഭാവന ചെയ്ത SMART പദ്ധതിയുടെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി സംസ്ഥാനത്തുടനീളം തെരഞ്ഞെടുക്കപ്പെട്ട 25 വില്ലേജുകൾ നവീകരിച്ചുകഴിഞ്ഞു.

(9) വില്ലേജ് ഓഫീസ്, താലൂക്ക് രൂപീകരണം:- സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വില്ലേജ് ഓഫീസുകളില്ലാത്ത 31 പഞ്ചായത്തുകളിൽ 31 വില്ലേജുകൾ രൂപീകരിച്ചു. ആയതുപോലെ സംസ്ഥാനത്ത് ഭരണ സൗകര്യാർത്ഥം പുതുതായി 12 താലൂക്കുകളും രൂപീകരിച്ചു.

(10) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി:- ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് ഭൂമി വീതം പതിച്ചുകൊടുക്കുന്ന പദ്ധതിയാണിത്.

(11) പുഴ മുതൽ പുഴവരെ പദ്ധതി: നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പുഴകളെയും കായലുകളെയും സംരക്ഷിച്ച് അവയുടെ പുനരുജ്ജീവനത്തിനായി ലക്ഷ്യമിട്ടാണ് ഈ പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്.

(സി) G.O. (P) No. 24/2010/ITD തീയതി 4-8-2010 പ്രകാരം ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികത നൽകിയിട്ടുണ്ട്. 17-10-2015-ലെ G.O. (Ms) No. 575/2015/RD., പ്രകാരം സംസ്ഥാനമൊട്ടാകെ സംയോജിത ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. G.O. (Ms) No. 117/2016/RD തീയതി 16-2-2016 പ്രകാരം ഓൺലൈൻ പോക്കുവരവ് എല്ലാ വില്ലേജുകളിലും ഓൺലൈൻ ടാക്സ് പേയ്മെന്റ് സിസ്റ്റം മുഖേന ഭൂനികുതി സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. G.O. (Ms) No. 22/2015/ITD തീയതി 16-7-2015 പ്രകാരം 20 കോടി രൂപ ചെലവിൽ ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി 2-6-2015-ലെ G.O. (Ms) No. 220/2015/RD പ്രകാരം വെർച്വൽ ഐ.ടി. കേഡറും വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്.

ഇ-ഡിസ്ട്രിക്ട്:- പദ്ധതി പ്രകാരം നാളിതുവരെ 16959074 അപേക്ഷകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഓൺലൈൻ പോക്കുവരവ് സംവിധാനം :- പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ വിജയകരമായി ഈ പദ്ധതി നടപ്പിൽവരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകളില്ലാത്ത 31 ഗ്രാമപഞ്ചായത്തുകളിൽ 29-5-2013-ലെ സ.ഉ. (എം എസ്) നമ്പർ 230/13/റവന്യൂ, 20-10-2012-ലെ സ.ഉ. (എം.എസ്.) 392/12/റവന്യൂ എന്നീ ഉത്തരവുകൾ പ്രകാരം 31 വില്ലേജുകളുടെയും വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. ഇവയിൽ 29 വില്ലേജുകളിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള രണ്ട് വില്ലേജുകൾക്ക് കെട്ടിടം കണ്ടെത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

SMART വില്ലേജ് :- പദ്ധതിയുടെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി 25 വില്ലേജുകൾ നവീകരിച്ചുകഴിഞ്ഞു. മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 9 വില്ലേജുകളുടെ പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്.

ഭൂരഹിതരില്ലാത്ത കേരളം:- പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 243928 ഗുണഭോക്താക്കളെ കണ്ടെത്തുകയും രണ്ടാം ഘട്ടത്തിലെ ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കിയും വരുന്നു. ഒന്നാം ഘട്ടത്തിൽ 36491 പട്ടയങ്ങളും രണ്ടാം ഘട്ടത്തിൽ 6946 പട്ടയങ്ങളും ഉൾപ്പെടെ 43437 പേർക്ക് പട്ടയം അനുവദിക്കുകയും ചെയ്തു. കണ്ണൂർ, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്തുകൊണ്ട് ഈ മൂന്ന് ജില്ലകളെയും രാജ്യത്തിലെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

പുഴ മുതൽ പുഴ വരെ പദ്ധതി:- റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിൽ വരുത്തുവാനുള്ള പദ്ധതികൾ പരിശോധിക്കുന്നതിനുള്ള സംസ്ഥാന ഉന്നതതല സമിതിയുടെ 29-11-2013-ലെ യോഗം സംസ്ഥാനത്തെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി "പുഴ മുതൽ പുഴ വരെ" പദ്ധതിക്ക് രൂപം നൽകി. പ്രാഥമികമായി ഭാരതപ്പുഴ, അച്ചൻകോവിൽ എന്നീ നദികളുടെ തീരം ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടുവളർത്തി പരിപാലിക്കുന്നതിനായി 15-11-2014-ലെ സ.ഉ. (എം.എസ്) 475/14/റവന്യൂ പ്രകാരം 10 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. സർവ്വേ വകുപ്പിലെ പുരാതന റിക്കാർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും അവ ഓൺലൈനായി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.